# പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 225 — 09.03.2015-ലെ മറുപടിക്ക്

## ചന്ദ്രബോസിന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ.പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്രബോസിനെ കാർ കയറ്റി കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) സെക്യൂരിറ്റി ജീവനക്കാരൻ ചന്ദ്രബോസിനെ കാർ കയറ്റി കൊലപ്പെടുത്തിയ കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) അന്വേഷണത്തിലുണ്ടായ അനധികൃത ഇടപെടലുകളും ഗുരുതരമായ വീഴ്ചകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അന്വേഷണത്തിൽ അനധികൃത ഇടപെടലുകളുണ്ടായി എന്നുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) കൊലയാളിയുമായി മുൻ സിറ്റി പോലീസ് കമ്മീഷണർ രഹസ്യ കൂടിക്കാഴ്ച നടത്തിയതായ വിവരം ലഭിച്ചിട്ടുണ്ടോ ; ഇത് ആരുടെ ഇടപെടലിനെ തുടർന്നായിരുന്നുവെന്ന് അറിയിക്കുമോ; | (സി) പ്രതിയുമായി മുൻ സിറ്റി പോലീസ് കമ്മീഷണർ രഹസ്യ കൂടിക്കാഴ്ച നടത്തിയതായി വിവരം ലഭിച്ചിട്ടുണ്ട്. അന്വേഷണത്തിലുണ്ടായ അനധികൃത ഇടപെടലുകളുമായി ബന്ധപ്പെട്ട് ഉണ്ടായ ആരോപണങ്ങളിൽ നോർത്ത് സോൺ എ.ഡി.ജി.പി.യുടെയും തൃശ്ശൂർ റേഞ്ച് ഐ.ജി.യുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ സിറ്റി പോലീസ് മേധാവിയായിരുന്ന ശ്രീ. ജേക്കബ് ജോബ് ഐ.പി.എസ്-നെ സസ്പെന്റ് ചെയ്തിട്ടുണ്ട്. എന്നാൽ കൂടിക്കാഴ്ച്ചയ്ക്ക് ആരുടെയെങ്കിലും ഇടപെടൽ ഉണ്ടായതായ വിവരം ലഭിച്ചിട്ടില്ല. |
| (ഡി) കേസ് അന്വേഷിച്ചുകൊണ്ടിരുന്ന സിറ്റി പോലീസ് കമ്മീഷണർ നിശാന്തിനിയെ അന്വേഷണ ചുമതലയിൽ നിന്ന് മാറ്റിയത് എന്തിനായിരുന്നു; ഇപ്പോൾ അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലുള്ള സംഘമാണ്; | (ഡി) കേസിന്റെ അന്വേഷണ ചുമതലയിൽ നിന്നും ആരെയും മാറ്റിയിട്ടില്ല. കേസിന്റെ തുടക്കം മുതൽ ഇതുവരെയും അന്വേഷണം നടത്തി വരുന്നത് പേരമംഗലം സർക്കിൾ ഇൻസ്പെക്ടർ ആണ്. ഇതിനു പുറമേ അന്വേഷണ മേൽനോട്ടം വഹിക്കുന്നത് ഉത്തര മേഖലാ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ആണ്. |

| | |
|---|---|
| (ഇ) ആശുപത്രിയിലുണ്ടായിരുന്നപ്പോൾ ചന്ദ്രബോസിന് സംസാരശേഷി ഉണ്ടായിരുന്നുവോ; ചന്ദ്രബോസിന്റെ മരണമൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; പ്രതി നിസാമിനെതിരെ നിലനിൽക്കുന്ന കേസുകൾ ഏതൊക്കെയാണ്? | (ഇ) കൊല്ലപ്പെട്ട ചന്ദ്രബോസ് ആശുപത്രിയിൽ പ്രവേശിപ്പിച്ച നാൾ മുതൽ വെന്റിലേറ്ററിലും, വെന്റിലേറ്റർ ഐ.സി.യു.വിലും കഴിഞ്ഞിരുന്നതും മൊഴി നൽകാൻ പ്രാപ്തനല്ലാത്തതും ടിയാൻ വളരെയധികം അത്യാസന്ന നിലയിലായതിനാൽ ടിയാനോട് സംഭവത്തെ കുറിച്ച് ചോദിക്കരുതെന്ന് ഡോക്ടർമാരുടെ നിർദ്ദേശമുള്ളതിനാലും കൊല്ലപ്പെട്ട ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ടി കേസ്സിലെ പ്രതിയായ നിഷാമിനെതിരെ നിലനിൽക്കുന്ന കേസുകൾ ചുവടെ ചേർക്കുന്നു. |

1. പേരമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നം. 688/2013 (കേസ് വിചാരണയിലാണ്)
2. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 950/2013 (കേസ് വിചാരണയിലാണ്)
3. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 1254/2013 (കേസ് വിചാരണയിലാണ്)
4. പേരമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നം. 173/2015 (കേസ് അന്വേഷണാവസ്ഥയിലാണ്)
5. തൃശ്ശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം നം. 147/2015 (കേസ് വിചാരണയിലാണ്)
6. പുലികേശി നഗർ (ബാംഗ്ലൂർ സിറ്റി) പോലീസ് സ്റ്റേഷൻ ക്രൈം നം. 254/2014 (കേസ് വിചാരണയിലാണ്)
7. കബൺ പാർക്ക് (ബാംഗ്ലൂർ സിറ്റി) പോലീസ് സ്റ്റേഷൻ ക്രൈം നം. 94/2015 (07.04.2015-ാം തീയതി ബഹു: 8-ാം അഡീഷണൽ ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് കോടതി, ബാംഗ്ലൂർ സിറ്റി മുമ്പാകെ ഹാജരാകുവാൻ നിർദ്ദേശിച്ചുകൊണ്ട് ബഹു: കോടതി പ്രൊഡക്ഷൻ വാറണ്ട് നൽകി ഉത്തരവായിട്ടുണ്ട്)

സെക്ഷൻ ഓഫീസർ